**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1498** **14-03-2022 - ൽ മറുപടിയ്ക്ക്**

**ജില്ലാ-താലൂക്ക് വികസന സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി ദെലീമ,<br>ശ്രീ. എൻ.കെ. അക്ബർ** | | **null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പൊതുജനങ്ങളുടെ ആവശ്യങ്ങളും പരാതികളും യഥാസമയം പരിഹരിക്കുന്നതിനും ഭരണ നടപടികൾ ജനങ്ങളിലെത്തിക്കുന്നതിനും ലക്ഷ്യമിട്ട് രൂപീകരിച്ച ജില്ലാ-താലൂക്ക് വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | നിലവിൽ എല്ലാ ജില്ലകളിലും പ്രവർത്തിച്ച വരുന്ന ജില്ല/താലൂക്ക് തല വികസന സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികളും ആവശ്യങ്ങളും യഥാസമയം പരിഹരിക്കുന്നതിനും ഭരണ നടപടികൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനുമായി ജില്ലാ വികസന സമിതികൾ എല്ലാ മാസവും നാലാം ശനിയാഴ്ചയും താലൂക്ക് തല വികസന സമിതികൾ എല്ലാ മാസവും ഒന്നാം ശനിയാഴ്ചയും യോഗം ചേർന്ന് മികച്ച രീതിയിൽ നടപടികൾ സ്വീകരിച്ച് വരുന്നതും ആയതിന്റെ നടപടിക്കുറിപ്പുകൾ ജില്ലാ കളക്ടർമാർ തയ്യാറാക്കി സമർപ്പിക്കുകയും തുടർ നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. |
| (ബി) | ജില്ലാ-താലൂക്ക് വികസന സമിതി മാതൃകയിൽ വില്ലേജ് തല ജനകീയ സമിതികൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ സമിതിയുടെ ഘടന, സമിതി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ എന്നിവ വിശദമാക്കാമോ? | (ബി) | ജില്ലാ താലൂക്ക് വികസന സമിതി മാതൃകയിൽ വില്ലേജ് തല ജനകീയ സമിതികൾ രൂപീകരിച്ച് 13/01/2022-ലെ സ.ഉ.(സാധാ)നം.209/2022/റവ. തീയതി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു. 1. വില്ലേജ് ഓഫീസർ (കൺവീനർ) 2. വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗം അല്ലെങ്കിൽ അവരുടെ പ്രതിനിധി 3. വില്ലേജ് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് / മുനിസിപ്പൽ ചെയർമാൻ / കോർപ്പറേഷൻ മേയർ 4. വില്ലേജ് ഓഫീസ് ഉൾപ്പെട്ട് വരുന്ന പ്രദേശത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർ 5. വില്ലേജിന്റെ ചാർജ്ജ് ഓഫീസർ ആയ ഡെപ്യൂട്ടി തഹസീൽദാർ 6. നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒരു പ്രതിനിധി വീതം 7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം 8. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | പ്രതിനിധി ഈ സമിതികൾ എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച്ച വൈകുന്നേരം മൂന്ന് മണിക്ക് യോഗം ചേരേണ്ടതും അന്നേദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം യോഗം ചേരേണ്ടതുമാണ്. ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തികളിലും ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലും, പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾക്ക് പരിഹാരം കാണുന്നതിനും, പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, വേണ്ടിയാണ് ജില്ലാ താലൂക്ക് വികസന സമിതി മാതൃകയിൽ വില്ലേജ് തല ജനകീയ സമിതികൾ പുനർ രൂപീകരിച്ച് ഉത്തരവായിട്ടുള്ളത്. റവന്യൂ വകുപ്പിനെ ജനകീയവത്ക്കരിക്കുന്നതിനും ഇത് സഹായകരമാകും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യ വകുപ്പ് - വില്ലേജ്തല ജനകീയ സമിതികളെ പുനർ രൂപീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ജി) വകുപ്പ്

സ.ഉ.(സാധാ) നം.209/2022/റവ. തീയതി,തിരുവനന്തപുരം, 13/01/2022

പരാമർശം:-
1. സ.ഉ.(സാധാ) നം.3905/08/റവ തീയതി: 05/12/2008
2. 18.11.2021-ലെ ലാന്റ് റവന്യ കമ്മീഷണറുടെ എൽ.ആർ./6088/2021-എൽ.ആർ(ജെ4) നമ്പർ കത്ത്.

<u>ഉത്തരവ്</u>

ഭൂസംരക്ഷണ കാര്യത്തിലും ജനക്ഷേമ പ്രവർത്തികളിലും ജനകീയ പങ്കാളിത്തം ഉറപ്പ വരുത്തിയതിന് പൊതുജനങ്ങളുടെ ഭൂമി സംബന്ധമായ പ്രവർത്തനങ്ങൾക്കു പരിഹാരം കാണുന്നതിനും പൊതുജനങ്ങളുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ വില്ലേജാഫീസുകളിലും വില്ലേജ്തല ജനകീയ സമിതികൾ രൂപീകരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ കാലാന്തരത്തിൽ ടി സമിതികളുടെ പ്രവർത്തനം ഭാഗികമായോ പൂർണ്ണമായോ നിലച്ച പോയിട്ടുള്ളതായി കാണുന്നുവെന്നും ആയതിനാൽ ടി സമിതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിനായി പരാമർശം (2) പ്രകാരം ലാന്റ് റവന്യ കമ്മീഷണർ ശിപാർശ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും ടി സമിതികളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് കണ്ടെത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഘടനയും പ്രവർത്തനരീതിയും അടങ്ങിയ ഒരു ജനകീയ സമിതി പുനർ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. വില്ലേജ് ഓഫീസർ (കൺവീനർ)
2. വില്ലേജ് പരിധിയിൽ വരുന്ന നിയമസഭാംഗം അല്ലെങ്കിൽ അവരുടെ പ്രതിനിധി.
3. വില്ലേജ് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർമാൻ/കോർപ്പറേഷൻ മേയർ.
4. വില്ലേജ് ഓഫീസ് ഉൾപ്പെട്ടുവരുന്ന പ്രദേശത്തെ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് മെമ്പർ.
5. വില്ലേജിന്റെ ചാർജ്ജ് ഓഫീസർ ആയ ഡെപ്യൂട്ടി തഹസിൽദാർ
6. നിയമസഭയിൽ അംഗത്വമുള്ള രാഷ്ട്രീയ പാർട്ടികളുടെ ഒരു പ്രതിനിധി.
7. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു വനിതാ അംഗം.
8. സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു പട്ടികജാതി/പട്ടികവർഗ്ഗ പ്രതിനിധി.

3) ഈ സമിതികൾ എല്ലാ മാസവും മൂന്നാമത്തെ വെള്ളിയാഴ്ച യോഗം ചേരേണ്ടതും, അന്നേദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം യോഗം ചേരേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
2. എല്ലാ ജില്ലാ കളക്ടർമാർക്കും
3. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം
4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
6. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
7. അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.